# ഗവൺമെന്റ് എൽ പി സ്കൂൾ
# കരൂർ ഈസ്റ്റ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 - 26**

# ഗവൺമെന്റ് എൽ പി സ്കൂൾ കരൂർ ഈസ്റ്റ്

## <u>പൊതുവിവരങ്ങൾ</u>

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് എൽ പി സ്കൂൾ കരൂർ ഈസ്റ്റ് |
| ഫോൺ നമ്പർ | : | 04822- 245941 |
| പഞ്ചായത്ത് | : | കരൂർ |
| വാർഡ് | : | കരൂർ |
| സി ആർ സി | : | കരൂർ |
| ബ്ലോക്ക് | : | ളാലം |
| ജില്ല | : | കോട്ടയം |
| ഹെഡ്മിസ്ട്രസ് | : | താരമ്മ ജോസഫ് |
| ഫോൺ നമ്പർ | : | 9495561291 |
| ഈമെയിൽ | : | glpskaroor2015@gmail.com |

## ഗവൺമെന്റ് എൽ പി സ്കൂൾ കരൂർ ഈസ്റ്റ്

**2025 - 26**

**ആമുഖം**

പൊതുവിദ്യാലയങ്ങൾ  മികവിന്റെ  കേന്ദ്രങ്ങളാണ്. അറിവിന്റെ തലത്തിൽ ഒരു വ്യക്തി വളരുന്നതിനോടൊപ്പം എല്ലാ മേഖലകളിലും സമഗ്രമായ വളർച്ച കൈ വരുത്തുന്നതിനും പക്വതയുള്ള വ്യക്തിത്വമായി രൂപപ്പെടുത്തുന്നതിനും മാതൃകാപരമായ നിലവാരമുള്ള വിദ്യാഭ്യാസം അനിവാര്യമാണ്. കൃത്യമായി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. ശതാബ്ദി പിന്നിട്ട നമ്മുടെ സ്കൂളിന്റെ സമഗ്രമായ വളർച്ച ഉറപ്പുവരുത്തുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ ആസൂത്രണം ആവശ്യമാണ്. കരൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ സർക്കാർ വിദ്യാലയത്തെ നാട്ടിലെ എല്ലാ കുട്ടികളുടെയും പ്രാഥമിക വിദ്യാലയമാക്കുവാൻ മികവിന്റെ കേന്ദ്രമാക്കുവാൻ നമുക്ക് ഒരുമിച്ച് ആസൂത്രണം നടത്തി പ്രവർത്തനങ്ങൾ രൂപപ്പെടുത്തി നമ്മുടെ സ്വപ്നം സഫലമാക്കുവാൻ യത്നിക്കാം.

**ഹെഡ്മിസ്ട്രസ്**

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ഹ്രസ്വകാല പദ്ധതികൾ**

1. ഇംഗ്ലീഷ് അസംബ്ലി
2. പതിപ്പ് നിർമ്മാണം
3. ദിനാചരണങ്ങൾ
4. ബാലസഭ
5. പാട്ട് അരങ്ങ്
6. കഥയരങ്
7. ഫീൽഡ് ട്രിപ്പ്
8. യോഗ ക്ലാസ്
9. വർക്ക് എക്സ്പീരിയൻസ് ക്ലാസുകൾ
10. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
11. കരാട്ടെ ക്ലാസ്
12. എല്ലാമാസവും പിടിഎ യോഗം.
13. പാഠപുസ്തക വിലയിരുത്തൽ, ചർച്ച
14. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ

**മധ്യകാല പദ്ധതികൾ**

1. എൽഎസ്എസ് പരിശീലനം
2. പ്രവർത്തി പരിചയ പരിശീലനം
3. ജൈവ പച്ചക്കറി കൃഷി
4. കയ്യെഴുത്തു മാസിക
5. ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ
6. ലൈബ്രറി പ്രയോജനപ്പെടുത്തൽ
7. മെഡിക്കൽ ക്യാമ്പ്
8. ഒന്നാം ക്ലാസ് ഒന്നാം തരം
9. വിവിധ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ.

**ദീർഘകാല പദ്ധതികൾ**

1. ഒന്നു മുതൽ നാലു വരെ പഠിക്കുന്ന എല്ലാ കുട്ടികളെയും മലയാളം തെറ്റില്ലാതെ എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു.
2. നാലുവരെ ക്ലാസിലെ കുട്ടികൾക്ക് മടുപ്പുകൂടാതെ ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാനും വായിക്കാനും പരിശീലിപ്പിക്കുന്നു.
3. ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹരിക്കുന്നു, പസിലുകൾ, പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു
4. പോഷകാഹാര പരിപാടി
5. ലൈബ്രറി
6. മാതൃവാണി

**സാമൂഹിക പരിപാടികൾ**

പിടിഎ, എസ് എസ് ജി ശക്തിപ്പെടുത്തൽ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ, എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ, വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്തൽ, റിസോഴ്സ് മാപ്പിങ്, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഗുണമേന്മയാർന്ന വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങളിൽ പിടിഎ ഉൾപ്പെടെയുള്ള വിവിധ സമിതികളുടെ പങ്കാളിത്തം ഉറപ്പാക്കും.

# വിദ്യാർത്ഥികളുടെ എണ്ണം

| വിദ്യാർഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Std | Div | Total | | | SC | | | ST | | | Muslim | | | Others | | | OBC | | | APL | | | BPL | | |
| | | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| I | A | 5 | 6 | 11 | 0 | 2 | 2 | 0 | 0 | 0 | 0 | 1 | 1 | 3 | 3 | 6 | 2 | 0 | 2 | 1 | 2 | 3 | 4 | 4 | 8 |
| II | A | 2 | 8 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 6 | 7 | 1 | 2 | 3 | 2 | 2 | 4 | 0 | 6 | 6 |
| III | A | 4 | 2 | 6 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 0 | 1 | 1 | 2 | 1 | 3 | 4 | 1 | 5 | 0 | 1 | 1 |
| IV | A | 5 | 3 | 8 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 4 | 2 | 6 | 1 | 0 | 1 | 1 | 1 | 2 | 4 | 2 | 6 |
| Total | | 16 | 19 | 35 | 0 | 3 | 3 | 0 | 0 | 0 | 2 | 1 | 3 | 8 | 12 | 20 | 6 | 3 | 9 | 8 | 6 | 14 | 8 | 13 | 21 |

# ഗവൺമെന്റ് എൽ പി സ്കൂൾ കരൂർ ഈസ്റ്റ്

## ചരിത്രം

പാലാ ഏഴാച്ചേരി രാമപുരം റൂട്ടിൽ കരൂർ പള്ളിക്ക് സമീപം സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 1916 ൽ സ്ഥാപിതമായി. ഇതിനുമുമ്പ് കരൂർ തിരുഹൃദയ പള്ളിയുടെ പള്ളിക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു. 1916ൽ ഞാവള്ളിൽ കുടുംബക്കാർ സ്കൂളിന് 50 സെന്റ് സ്ഥലവും ഒരു കെട്ടിടവും  നിർമ്മിച്ച്  ഗവൺമെന്റിലേക്ക് വിട്ടുകൊടുത്തു. ആദ്യ അധ്യയന വർഷം ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ആയി 153 കുട്ടികൾ പ്രവേശനം നേടി. ശതാബ്ദി പിന്നിട്ട ഈ സ്കൂൾ ഈ നാട്ടിലെ അനേകായിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകുന്നു.

## വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

പൊതു വിദ്യാഭ്യാസം വിജയകരമാക്കാൻ വിവിധ ഏജൻസികളുടെ ഒരുമയോടെയുള്ള പ്രവർത്തനം ആവശ്യമാണ്. വിദ്യാർത്ഥികളും അധ്യാപകരും മാത്രമല്ല സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ പ്രവർത്തനം സ്കൂൾ വികസനത്തിന് ആവശ്യമാണ്. വിദ്യാർഥികൾ, വിവിധ സംഘടനകൾ തുടങ്ങിയവയുടെ കാര്യക്ഷമമായ ഇടപെടൽ പ്രധാന പങ്കുവഹിക്കുന്നു.

1. വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ

ഓരോ മാസവും ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പ്രശ്നങ്ങൾ വിശകലനം ചെയ്ത് പ്രവർത്തന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക, അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാക്കുക, കുട്ടികളുടെ പഠന തെളിവുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചേഴ്സ് വേർഷനുകൾ, ചുമതല ചാർട്ടുകൾ, പഠന നേട്ടങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ആകർഷകമായി പ്രദർശിപ്പിക്കണം.

1. വായന പ്രവർത്തനം സജീവമാക്കുക
2. കുട്ടികൾക്ക് സർഗാത്മക പ്രകടനത്തിന് അവസരം ഒരുക്കുകയും പൊതുവേദികളിൽ അംഗീകാരം നൽകുകയും ചെയ്യുക.
3. ഐടി അധിഷ്ഠിത പഠനത്തിന് പ്രോത്സാഹനം നൽകുന്നു. ഇത് കുട്ടികളെ പ്രാപ്തരാക്കുകയും ഇത് സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കുവാൻ പ്രദർശന ക്ലാസുകൾ നടത്തുകയും ചെയ്യുന്നു.
4. സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കുന്നതിനായി പഠന മികവുകളുടെയും അക്കാദമിക നിലവാര വർദ്ധനവിന്റെയും പങ്കിടൽ നടത്തുന്നു.
5. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കാൻ കോർണർ പിടിഎ), പ്രാദേശിക പഠന യാത്രകൾ, അച്ചടിച്ച സ്കൂൾ പത്രങ്ങൾ,

ജനപ്രതിനിധികൾ തുടങ്ങിയ സമൂഹശ്രദ്ധ ആകർഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

6. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുകയും വിവേചന രഹിതമായ അന്തരീക്ഷവും സൃഷ്ടിക്കുന്നു.
7. ജീവിത നൈപുണി പരിശീലനവും ജനാധിപത്യവൽക്കരണവും സ്കൂളിൽ സൃഷ്ടിക്കുന്നു.
8. പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുകയും നിരന്തര വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു.
9. കുട്ടിയുടെ സമഗ്ര വികസന ലക്ഷ്യത്തോടെ ഓരോ ക്ലാസും നടത്തുകയും പ്രതിഭ പോഷണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു.
10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
11. ഓരോ കുട്ടിയുമായി ആത്മബന്ധം പുലർത്തി അധ്യാപകർ പ്രവർത്തിക്കുന്നതോടെ രക്ഷിതാക്കൾക്ക് സ്കൂളിനോട് താല്പര്യം ഉണ്ടാകുന്നു.
12. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധിപ്പിച്ച് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ, ഗുണമേന്മ വിദ്യാഭ്യാസം എന്നിവയുടെ പ്രചാരണ പരിപാടികൾ ,അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ സ്കൂളിൽ നടത്തുന്നു.
13. ഭൗതിക സാഹചര്യങ്ങളുടെ വർദ്ധനവിനോടൊപ്പം അക്കാദമിക കാര്യങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
14. കലാ - പ്രവർത്തി പരിചയ കായികമേളകളിൽ കുട്ടികൾക്ക് നേട്ടങ്ങൾ നേടുവാനുള്ള അവസരങ്ങൾ സൃഷ്ടിച്ചു നൽകുന്നു.
15. സാങ്കേതികവിദ്യ ഉപയോഗിക്കാൻ കുട്ടികൾക്കും അമ്മമാർക്കും പരിശീലനം നൽകുന്നു.
16. ദിനാചരണങ്ങളുടെ ആഘോഷവേളകളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാൽ കുട്ടികൾക്കും

രക്ഷിതാക്കൾക്കും സ്കൂളിനോടുള്ള താല്പര്യം ജനിപ്പിക്കുന്നതിന് ഉതകമായ പരിപാടികൾ വിഭാവനം ചെയ്യുന്നു.

17. മാതൃവാണി പോലെയുള്ള അമ്മ വായന പരിപാടികൾ സ്കൂളിൽ സംഘടിപ്പിക്കുന്നത് വഴി കുട്ടികളെ വായനയുടെ ലോകത്തിലേക്ക് ചുവട് വയ്ക്കാൻ സഹായിക്കുന്നു.
18. ജൈവകൃഷി സ്കൂളിൽ പ്രോത്സാഹിപ്പിക്കുന്നതോടുകൂടി കുട്ടികൾക്ക് കൃഷിയിലുള്ള താൽപര്യവും കാർഷിക രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനുള്ള അറിവും വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
19. കായിക മത്സരങ്ങൾ സ്കൂളിൽ സംഘടിപ്പിക്കുന്നത് വഴി കുട്ടികളെ കായികരംഗത്തേക്ക് ചുവട് വയ്ക്കാനും സഹായിക്കുന്നു.
20. സമഗ്ര ഗുണമേന്മ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോത്സവത്തിൽ കുട്ടികളുടെ കഴിവുകൾ സാമൂഹിക തലത്തിൽ പങ്കുവയ്ക്കും.
21. വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളെക്കുറിച്ച് ലളിതമായ ഭാഷയിൽ രക്ഷിതാക്കളെയും സമൂഹത്തെയും അറിയിക്കാനായി പ്രത്യേക യോഗങ്ങൾ, പിടിഎ എന്നിവ ചേരും.
22. ഓരോ ക്ലാസ്സിന്റെയും പഠന ലക്ഷ്യങ്ങൾ വ്യക്തതയോടെ അതാത് ക്ലാസ്സിൽ പ്രദർശിപ്പിക്കും.
23. സ്കൂളിന്റെതായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും കുട്ടികളുടെ മികവുകൾ, അക്കാദമിക മികവുകൾ എന്നിവയും പങ്കുവയ്ക്കും.
24. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.
25. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട ഓപ്പൺ ബുക്ക് പരീക്ഷ,ഓൺലൈൻ പരീക്ഷ, ചെറിയ പ്രോജക്ടുകൾ, എന്നിവ സംഘടിപ്പിക്കും.
26. സ്കൂൾവിക്കി അപ്ഡേറ്റ് ചെയ്യും.

# നിലവിലെ അടിസ്ഥാന വിശകലനം

**ഭൗതികം**

1916ൽ ആരംഭിച്ച ഈ സ്കൂളിൽ അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി 35 കുട്ടികളും പഠിക്കുന്നുണ്ട്. നാല് അധ്യാപകരും ഒരു PTCM ഉം ജോലി ചെയ്യുന്നു. പി ടി എയുടെ നേതൃത്വത്തിൽ പ്രൈമറി ക്ലാസ് നടത്തിവരുന്നു. പോഷകസമ്പന്നവും വൃത്തിയുള്ളതുമായ ഉച്ചഭക്ഷണം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. ക്ലാസ് മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ വിദ്യാർഥികളും അധ്യാപകരും ശ്രദ്ധ നൽകുന്നു. ഹരിത പ്രോട്ടോകോൾ പാലിക്കുകയും ക്യാമ്പസ് ഹരിത സംബന്ധമായി സംരക്ഷിക്കുകയും ചെയ്യുന്നു. ജൈവ പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, പൂച്ചെടികൾ, കപ്പ ,ചേമ്പ്, വാഴ, ഫലവൃക്ഷങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുകയും ചെയ്യുന്നു.
സ്കൂൾ കെട്ടിടത്തിന്റെ സീലിംഗ് കേടുപാടുകൾ വന്നിട്ടുള്ളതിനാൽ മാറ്റി. ഓടിട്ട മേൽക്കൂര നനയുന്നതിനാൽ മെയിന്റനൻസ് നടത്തണം. സ്കൂൾ കെട്ടിടം ആകർഷകമായി പെയിന്റ് ചെയ്തു ഭംഗിയാക്കണം. പ്രീ പ്രൈമറി ക്ലാസ് റൂമുകൾ പണിയുക, ഉച്ചഭക്ഷണത്തിനായി ഡൈനിങ് ഹാൾ പണിയുക, അധിക നിലവാരത്തിലുള്ള സ്മാർട്ട് ക്ലാസ്സ് റൂം സഹിതം ഉള്ള പുതിയ കെട്ടിടം പണിയുക തുടങ്ങിയവ നടത്തിയാൽ സ്കൂൾ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുന്നതാണ്.

**അക്കാദമികം**

പ്രത്യേക ഭാഷ പരിശീലനവും ഇംഗ്ലീഷ് ക്ലാസുകളും നടത്തുന്നതിനാൽ കുട്ടികളെ ശരാശരി നിലവാരത്തിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതുണ്ട്. കുട്ടികളുടേതായ കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള

പ്രത്യേക പരിപാടികൾ നടത്താൻ ശ്രമിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സാമൂഹിക പിന്തുണയോടെ പരിപാടികൾ നടത്തേണ്ടതുണ്ട്.

**നേട്ടങ്ങൾ**

ക്വിസ്, എൽ എസ് എസ് പോലെയുള്ള മത്സര പരീക്ഷകൾ, പ്രോഗ്രാമുകൾ, ചിത്രരചന, കലോത്സവം, വായനദിന പരിപാടികൾ, പ്രവൃത്തി പരിചയമേളകൾ, ലൈബ്രറിയുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഇവയിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്.

**പരിമിതികൾ**

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂൾ ആയതിനാൽ അവർക്ക് പ്രഭാതഭക്ഷണം ഏർപ്പെടുത്തണം, കളിസ്ഥലം സജ്ജമാക്കണം, സ്മാർട്ട് ക്ലാസ് റൂമുകൾ ക്രമീകരിക്കണം.

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ
- വായന സാമഗ്രികളുടെ ശേഖരണവും നിർമ്മാണവും
- സർഗ്ഗ വേളകൾ, ബാലസഭകൾ ശക്തിപ്പെടുത്തൽ
- രചനകൾ പ്രസിദ്ധീകരിക്കൽ
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കൽ, സംഖ്യ വ്യാഖ്യാനം
- ഗണിതക്രിയകൾ ഉറപ്പിക്കൽ
- ഗണിത പ്രശ്നങ്ങൾ അപഗ്രഥിക്കൽ, പ്രശ്നപരിഹാരം കണ്ടെത്തൽ
- ഗണിതകേളികൾ, പസിലുകൾ
- ഗണിത പതിപ്പുകൾ തയ്യാറാക്കൽ
- ഗണിത ചാർട്ട് , മോഡൽ നിർമ്മാണം
- ഗണിത ലാബ് മെച്ചപ്പെടുത്തൽ

- ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുവാൻ സഹായകമായ രീതിയിൽ ശാസ്ത്ര മൂല തയ്യാറാക്കൽ
- ശാസ്ത്ര പരീക്ഷണ ശില്പശാല
- പരിസരവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കൽ
- ഐസിടി അധിഷ്ഠിത ശാസ്ത്ര പഠനം
- പരിസര പഠനവുമായി ബന്ധപ്പെട്ട പതിപ്പുകൾ ശേഖരണം ഇവ തയ്യാറാക്കൽ
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കൽ
- ഇംഗ്ലീഷ് അസംബ്ലി , ഇംഗ്ലീഷ് ഫെസ്റ്റ്
- ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിനുകൾ
- എല്ലാ വിഷയങ്ങളും ഐസിടി സാധ്യത ഉപയോഗിച്ച് പഠിപ്പിക്കൽ
- സ്കൂളിൽ ഹരിത പരിസരം ഒരുക്കൽ
- ഗ്രീൻ പ്രോട്ടോകോൾ, പ്ലാസ്റ്റിക് രഹിത വിദ്യാലയം
- വിശ്രമ പഠന മരത്തണലുകൾ
- കുട്ടികൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ, കളിക്കോപ്പുകൾ
- ശുദ്ധജലവിതരണ ഉച്ചഭക്ഷണ വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- പഠന നേട്ടങ്ങൾ പ്രദർശന ചാർട്ട്

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**അക്കാദമികം**

ഭാഷ ശേഷി വികസനം

ഗണിതശേഷി വികസനം

ഇംഗ്ലീഷ് പഠന പരിപോഷണം

ലൈബ്രറി ശാക്തീകരണം

പ്രതിഭാ പോഷണ പരിപാടി

ജൈവവൈവിധ്യ പാർക്ക്

പഠനയാത്രകൾ

ക്ലാസ് പിടിഎ ശക്തമാക്കൽ

സ്കൂൾ പത്രം, മാസിക

പ്രവർത്തിപരിചയ പഠനം

ഒന്നാം ക്ലാസ് ഒന്നാം തരം

പച്ചക്കറിത്തോട്ടം, അഭിമുഖങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ

പോഷക ആഹാരപരിപാടി, ഗണിത ലാബ്, ഗണിതാന്തരീക്ഷം, ഒറിഗാമി ശിൽപ്പശാല, ദിനാചരണം ,കായിക പഠനം, കലാസാഹിത്യ പരിപാടികൾ, ടെം മൂല്യനിർണയം വിലയിരുത്തൽ

**ഭൗതികം**

സ്മാർട്ട് ക്ലാസ്സ് റൂം, കളിസ്ഥലം, മൾട്ടിമീഡിയ റൂം, പ്രീ പ്രൈമറി ക്ലാസുകൾ , ലൈബ്രറി ശാക്തീകരണം, കായിക യോഗ പരിശീലനം ,അസംബ്ലി ഹാൾ ,കളിസ്ഥലം പ്രീ പ്രൈമറി ക്ലാസ് മുറികൾ , ഡൈനിങ് ഹാൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | മേൽനോട്ടം |
|---|---|---|---|
| എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ച് നിലവാരം അനുസരിച്ചും ഭാഷാശേ | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട സമഗ്രാസൂത്രണം സൂക്ഷ്മ ആസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും | ജൂൺ - മാർച്ച് | **ക്ലാസ് ടീച്ചർ** |

| | | | |
|---|---|---|---|
| ഷികൾ നേടിയെന്ന് ഉറപ്പുവരുത്തും. | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ മലയാളത്തിലൂടെ. | പ്രീ ടെസ്റ്റ് നടത്തി എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പുവരുത്തും | ജൂൺ ആദ്യവാരം | **ക്ലാസ് ടീച്ചർ** |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | അക്ഷരം ഉറപ്പിക്കൽ,<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ,<br>പദക്കാർഡ്, വാക്കുകൾ നിർമ്മിക്കുക,<br>വാക്യങ്ങൾ നിർമ്മിക്കുക,<br>ചിത്രം- അടിക്കുറിപ്പ്,<br>ചിത്രം- കഥ പറയൽ,<br>ചിത്രം-കഥയെഴുതൽ,<br>കഥ -ബാക്കിയെഴുതൽ,<br>കഥ -പൂർത്തിയാക്കൽ,<br>കഥാ പുസ്തകം നൽകൽ,<br>ചിത്രം നൽകി വാക്യങ്ങൾ എഴുതൽ ,<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | ജൂൺ - സെപ്റ്റംബർ<br><br>പാഠപ്രവർത്തനങ്ങളോടൊപ്പം | SRG, PTA, **ക്ലാസ് ടീച്ചർ** |

| | | | |
|---|---|---|---|
| | | | |
| ലൈബ്രറി ശാക്തീകരണം | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ,<br>വായനാ മൂല ,ക്ലാസ് ലൈബ്രറി,<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ,<br>സമീപ ഗ്രന്ഥശാല അംഗത്വം<br>വായനോത്സവങ്ങൾ സംഘടിപ്പിക്കൽ<br>പത്രവായന ആനുകാലിക പ്രസിദ്ധീകരണ വായന<br>അമ്മ വായന<br>മാതൃവാണി<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനക്കുറിപ്പ് പതിപ്പ്<br>സഞ്ചരിക്കുന്ന വായനശാല | ഓരോ മാസവും ഓരോ അധ്യാപകർ | അധ്യാപകർ<br>**PTA, SRG** |
| കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക | വിദ്യാരംഗം കലാസാഹിത്യവേദി, ബാലസഭ, ദിനാചരണങ്ങൾ പതിപ്പുകൾ | ഓരോ മാസവും ഓരോ അധ്യാപകർ | അധ്യാപകർ<br>**PTA** |

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ഇംഗ്ലീഷ് നിർദ്ദേശങ്ങളിലൂടെ കളറിംഗ്,പസിൽ കാർഡുകൾ, ചിത്ര കാർഡുകൾ, ഇംഗ്ലീഷ് ആക്ഷൻ സോങ്ങ്,  ഇംഗ്ലീഷ് സ്പീച് തെറാപ്പി,  ഇംഗ്ലീഷ് കഥകൾ, ആക്ഷൻ സോങ് പഠിപ്പിക്കാൻ ഐസിടി സാധ്യത ഉപയോഗിക്കുന്നു. ഇംഗ്ലീഷ് ടെസ്റ്റ്, കൊറിയോഗ്രാഫി, സ്കിറ്റ് ,ഇംഗ്ലീഷ് മാഗസിൻ എല്ലാ ക്ലാസിലും. ഇംഗ്ലീഷിൽ ക്ലാസ് എടുക്കൽ,പ്ലക്കാർഡ്സ് ഇംഗ്ലീഷിൽ നിർമ്മിക്കൽ,ഇംഗ്ലീഷ് ഗെയിംസ്,ഹലോ ഇംഗ്ലീഷ്,സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് കാർട്ടൂൺ കാണിക്കൽ ,ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ, ഇംഗ്ലീഷ് ഫിലിംസ് കാണിക്കുന്നു. | ജൂൺ - മാർച്ച് | **ക്ലാസ് ടീച്ചർ** |
| ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദ | ആഴ്ചയിൽ ഒരിക്കൽ സയൻസ് പരീക്ഷണങ്ങൾ, ആനുകാലിക പ്രസക്തിയുള്ള സയൻസ് വിഷയങ്ങളെക്കുറിച്ച് ചാർട്ട് നിർമ്മാണവും പ്രദർശനവും ,ജലസംരക്ഷണം അന്തരീക്ഷ മലിനീകരണം, ഊർജ്ജ സംരക്ഷണം, ആഹാര ശീലങ്ങൾ, ജീവിതശൈലി | ജൂൺ - മാർച്ച് | സയൻസ് ക്ലബ്, അദ്ധ്യാപകർ |

| | | | |
|---|---|---|---|
| മായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും | രോഗങ്ങൾ ,ശേഖരണം, പ്രോജക്ടുകൾ ആൽബ നിർമ്മാണം, വീട്, വസ്ത്രം, തൊഴിലുകൾ എന്നിവക്കായി പ്രത്യേക ക്ലാസുകൾ. ക്ലാസ്സ് നിലവാരത്തിനനുസരിച്ചുള്ള ശാസ്ത്ര പുസ്തകങ്ങൾ ശേഖരിക്കൽ. എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ, ശാസ്ത്ര വിസ്മയ ചുവർ, ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല ലാബ് സജ്ജമാക്കൽ | | |
| കുട്ടികളുടെ പഠനം രസകരവും കാര്യക്ഷമവും ആക്കുന്നതിന് ഐസിടി സാധ്യതകൾ പ്രയോജന | എല്ലാ വിഷയങ്ങൾക്കും ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തുന്നു സ്റ്റോറീസ് ഐസിടി ഉപയോഗപ്പെടുത്തി നൽകുന്നു. ആഴ്ചയിൽ ഒരു മണിക്കൂർ വീതം കുട്ടികൾക്ക് കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. | ജൂൺ-മാർച്ച് | **ക്ലാസ് ടീച്ചർ** |

| | | | |
|---|---|---|---|
| പ്പെടുത്തുക | | | |
| സംഖ്യാ ബോധം ഉറപ്പിക്കൽ, സംഖ്യ വ്യാഖ്യാനം , ഗണിതക്രിയകൾ ഉറപ്പിക്കൽ, ഗണിത രൂപങ്ങൾ ഉറപ്പിക്കൽ, ഗണിതത്തിൽ താൽപര്യം വളർത്തൽ | സംഖ്യകാർഡ് സംഖ്യ റിബൺ ഗണിത ലാബ്, ക്ലോക്ക് നിർമ്മാണം, സംഖ്യാ കാർഡ് ഗണിത കളികൾ ഗണിത ലാബ് ഉപയോഗം അബാക്കസ് നിർമ്മാണം ചാർട്ട് നിർമ്മാണം, സംഖ്യാ കാർഡ്, കളി നോട്ട് ഗണിതകേളികൾ പസിലുകൾ ക്ലോക്ക്, കലണ്ടർ ഉപയോഗിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ജോമട്രിക്കൽ ചാർട്ട് ഗണിത മോഡൽ നിർമ്മാണം ഐസിടി അധിഷ്ഠിത ഗണിത പഠനം, പതിപ്പ് നിർമ്മാണം ,ഗണിത നിർമ്മാണം ,ഗണിത ലാബിലേക്കുള്ള വസ്തുക്കൾ ശേഖരിക്കൽ, മഞ്ചാടി ,പുളിങ്കുരു, ഈർക്കിൽ ,മുത്തുകൾ, കളി നോട്ട്, ഗണിത മോഡലുകൾ . | ജൂൺ - മാർച്ച് | അദ്ധ്യാപകർ |
| മികച്ച കുട്ടികളെ പ്രോത്സാഹിപ്പിക്കൽ ഭിന്നശേഷിക്കാരായ | ഡാൻസ് പരിശീലനം ,സംഗീത പരിശീലനം, യോഗ പരിശീലനം ,കരാട്ടെ പരിശീലനം ,ചിത്രരചന പരിശീലനം, നാടക ശില്പശാലകൾ, മേളകളിൽ പങ്കെടുപ്പിക്കൽ | മാസത്തിൽ ഒന്ന് | **PTA, SRG,** |

| | | | |
|---|---|---|---|
| കുട്ടികളു<br>ടെ<br>കഴിവുക<br>ൾ<br>വികസി<br>പ്പിക്കുക | | | |
| പ്രവർ<br>ത്തിപരി<br>ചയ<br>പരിശീല<br>നം | കുട്ടികൾക്കും<br>രക്ഷാകർത്താക്കൾക്കും<br>പ്രവർത്തിപരിചയശാലകൾ<br>ഉൽപ്പന്നങ്ങളുടെ പ്രദർശനം | ഓഗസ്റ്റ് -<br>നവംബർ | **PTA, SRG,** |
| ടാലന്റ്<br>ലാബ് | എൽ എസ് എസ് പരിശീലനം,<br>ക്വിസ് പ്രോഗ്രാം ദിവസവും<br>അഞ്ചു ചോദ്യങ്ങൾ നോട്ടീസ്<br>ബോർഡിൽ പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ<br>-<br>ഫെബ്രുവരി | **SRG,**<br>TEACHERS |
| കുട്ടികളെ<br>കലാകാ<br>യിക<br>മേഖലക<br>ളിൽ<br>മികവുള്ള<br>വരാക്കു<br>ക | പൂർവ വിദ്യാർത്ഥികളുടെ<br>സഹകരണത്തോടെ കായിക<br>പരിശീലനം ,<br>അഞ്ചുവയസ്സിൽ<br>താഴെയുള്ള കുട്ടികളുടെ<br>നൈപുണികൾ<br>പ്രകടിപ്പിക്കുന്നതിനായി<br>ബാലോത്സവം<br>സംഘടിപ്പിക്കുന്നു വിവിധ<br>അംഗനവാടികളിലെ<br>കുട്ടികൾ രക്ഷിതാക്കൾ<br>അംഗനവാടി അധ്യാപകർ<br>ഇവരെ ക്ഷണിക്കുന്നു<br>കുട്ടികൾക്ക് പ്രോത്സാഹന<br>സമ്മാനങ്ങൾ നൽകുന്നു. | ഓഗസ്റ്റ് -<br>നവംബർ | പൂർവ്വ<br>വിദ്യാർ<br>ത്ഥികൾ,<br>SRG |

| | | | |
|---|---|---|---|
| പ്രഭാത ഭക്ഷണം ഉച്ചഭക്ഷണം പോഷക സമൃദ്ധമാക്കൽ | പഞ്ചായത്തിൽ നിന്ന് ഫണ്ട് ഉപയോഗിച്ച് എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുക. പാൽ, മുട്ട ഇലക്കറികൾ, പഴം ഇവ വിതരണം നടത്തുക | ഓഗസ്റ്റ് - മാർച്ച് | പഞ്ചായത്ത് ,TEACHERS |
| ജൈവ പച്ചക്കറി കൃഷി | ജൈവ പച്ചക്കറി വിത്തുവിതരണം ഔഷധസസ്യ ഉദ്യാനം കർഷകരായ രക്ഷിതാക്കളെ ആദരിക്കലും അഭിമുഖവും | ജൂൺ - മാർച്ച് | TEACHERS PTA |
| സാമൂഹിക അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | നാടൻപാട്ട് മത്സരം, കൃഷിപ്പതിപ്പ് ചെടിച്ചട്ടികളിൽ ഔഷധസസ്യങ്ങൾ പരിചരിച്ച് വളർത്തുക, പ്രോജക്ട് ഉപയോഗം | ഓഗസ്റ്റ് - മാർച്ച് | TEACHERS, PTA, |
| ദിനാചരണങ്ങൾ പാഠ്യപദ്ധതിയിൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിങ്ങുകൾ പ്രദർശിപ്പിക്കുന്നു. കുട്ടികളുടെ പരിപാടികളുടെ ഡോക്യുമെന്റേഷൻ നടത്തുന്നു. ശിശുദിന റാലി ,മഹാത്മാക്കളുടെ വേഷം ധരിച്ച കുട്ടികൾ ,ചിത്രരചന മത്സരങ്ങൾ പുൽക്കൂട് നിർമ്മാണം കരോൾ ഗാന | ജൂൺ - മാർച്ച് | TEACHERS, PTA, |

| | | | |
|---|---|---|---|
| | മത്സരം ,,പാപ്പാ മത്സരം കാർഡ് നിർമ്മാണം,പതാക നിർമ്മാണം സ്വാതന്ത്ര്യദിന റാലി പ്രസംഗം ദേശഭക്തിഗാനാലാപനം സ്വാതന്ത്ര്യ സമര നേതാക്കളെ പരിചയപ്പെടുത്തൽ പതിപ്പ് നിർമ്മാണം<br>പൂക്കള മത്സരം ഓണപ്പാട്ട് മത്സരം ഓണക്കളികൾ ഓണപ്പതിപ്പ് നിർമ്മാണം ഓണസദ്യ | | |
| തദ്ദേശ സ്ഥാപന ങ്ങളുമാ യി ചേർന്ന് സ്കൂളി ന്റെ നിലവാരം ഉയർത്തു ന്നു. | കുട്ടികൾക്കും രക്ഷിതാക്കൾക്കും ആയി ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു ബോധവൽക്കരണ ക്ലാസുകൾ ഗുളിക വിതരണം ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | ഓഗസ്റ്റ് - നവംബർ | PHC, HOMEO, PANCHAYAT H, SCHOOL |
| കുട്ടികളിൽ മൂല്യാധി ഷ്ഠിത പഠനം വളർത്തു ന്നു | പ്രായമായ പൂർവ്വ അധ്യാപകർ ,പൂർവ്വ വിദ്യാർത്ഥികൾ കുട്ടികളുടെ മുത്തശ്ശി -മുത്തശ്ശന്മാർ ഇവരെ വിളിച്ച് ആദരിക്കുന്നു അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.<br>കുട്ടികളും രക്ഷിതാക്കളും ചേർന്ന് സ്ഥലങ്ങൾ സന്ദർശിക്കുന്നു കുട്ടികൾക്ക് മൂല്യബോധം നൽകുന്നു | ജൂൺ - ഫെബ്രുവ രി | TEACHERS, PTA, ALUMNAE |